"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലാപഞ്ചായത്ത് - 2021 ടോക്കിയോ ഒളിമ്പിക്സിൽ വെങ്കല മെഡൽ നേടിയ ശ്രീ.ശ്രീജേഷിന് ജില്ലാപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് പാരിതോഷികം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.1700/2021/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 07/09/2021

---

പരാമർശം:-
1. എറണാകുളം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 10/08/2021 ലെ 8(3) നമ്പർ തീരുമാനം.
2. എറണാകുളം ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 11/08/2021 ലെ ഡി.പി.5-1835/2021 നമ്പർ കത്ത്.

<u>ഉത്തരവ്</u>

2021 - ടോക്കിയോ ഒളിമ്പിക്സിലെ വെങ്കല മെഡൽ ജേതാവും മലയാളികളുടെ അഭിമാനവുമായ എറണാകുളം ജില്ലയിലെ കിഴക്കമ്പലം സ്വദേശിയായ ശ്രീ.പി.ആർ.ശ്രീജേഷിന് ജില്ലാ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും പാരിതോഷികമായി അഞ്ചു ലക്ഷം രൂപ അനുവദിക്കുവാൻ പരാമർശം 1 പ്രകാരം ജില്ലാ പഞ്ചായത്ത് സമിതി തീരുമാനിച്ചിട്ടുണ്ടെന്നും ആയതിനാൽ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം 2 പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021 - ടോക്കിയോ ഒളിമ്പിക്സിലെ വെങ്കല മെഡൽ ജേതാവായ ശ്രീ.പി.ആർ.ശ്രീജേഷിന് പാരിതോഷികമായി 5,00,000/- (അഞ്ചു ലക്ഷം രൂപ) എറണാകുളം ജില്ലാപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Ganga G R
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ് / സെക്രട്ടറി, എറണാകുളം ജില്ലാ പഞ്ചായത്ത്.
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ